തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# ചലച്ചിത്രപഠനം

കോഴ്സ് കോഡ് **MUE23FLS - 10**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ

മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. ഈ വർഷത്തെ മികച്ച ഡോക്യുമെന്ററിക്കുള്ള ഓസ്കാർ നേടിയ ഇന്ത്യൻ ഡോക്യുമെന്ററി ഏത്?

a) ലേഡീസ് ഫസ്റ്റ്
b) എലിഫന്റ് വിസ്പറേഴ്സ്
c) മേരു
d) വാൾ ദാറ്റ് ബ്രീത്ത്സ്

2. പ്രശസ്ത സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ഏതു കൃതിയാണ് 'ഭാർഗ്ഗവീനിലയം' എന്ന ചലച്ചിത്രത്തിന് ആധാരമായത്?

a) നീലവെളിച്ചം
b) ശബ്ദങ്ങൾ
c) പച്ചവെളിച്ചം
d) മരണത്തിന്റെ നിഴലിൽ

3. ആദ്യ ക്യാമറ-പ്രൊജക്ടറായ സിനിമാട്ടോഗ്രാഫ് കണ്ടുപിടിച്ചത് ആരാണ്?

a) എഡ്വേർഡ് മെയ്ബ്രിജ്
b) ലൂമിയർ സഹോദരങ്ങൾ
c) തോമസ് ആൽവാ എഡിസൺ
d) ഡബ്ല്യു. കെ. എൽ ഡിക്സൺ

4. എക്കാലത്തെയും മികച്ച ഇന്ത്യൻ സിനിമയായി അന്താരാഷ്ട്ര ചലച്ചിത്ര വിമർശകരുടെ സംഘടന (FIRESCI) കണക്കാക്കുന്നത് ഇവയിലേതിനെയാണ്?

a) ഷോലെ
b) ദിൽവാലെ ദുൽഹനിയാ ലേ ജായേംഗേ
c) പഥേർ പാഞ്ചാലി
d) മുഗൾ- ഇ- അസം

5. സാമൂഹിക മാറ്റങ്ങൾ കൊണ്ടുവന്ന വനിതകളെക്കുറിച്ച് ഹ്രസ്വചിത്രങ്ങൾ തയ്യാറാക്കാൻ ഇന്ത്യയുടെ I &B മന്ത്രാലയവുമായി ചേർന്ന് പ്രവർത്തിക്കുന്നത് ഇവയിൽ ആരാണ്?

a) നെറ്റ്ഫ്ളിക്സ്
b) സോണി ലൈവ്
c) ആമസോൺ പ്രൈം
d) ഡിസ്നി ഹോട്ട്സ്റ്റാർ

6. ഇന്ത്യൻ വംശജയായ നടിയും എഴുത്തുകാരിയുമായ മീരാ സയാൽ ഇവയിലേതു പുരസ്കാരമാണ് അടുത്തിടെ നേടിയെടുത്തത്?

a) ഗോൾഡൻ ഗ്ലോബ്
b) ബാഫ്താ
c) ഗ്രാമി
d) അക്കാദമി അവാർഡ്

7. ചലച്ചിത്രരംഗത്തെ ഏറ്റവും ഉന്നതമായ അവാർഡുകളിലൊന്നായ ജെ.സി. ഡാനിയേൽ പുരസ്കാരത്തിന് ഏതു ഭാഷയിലെ ചലച്ചിത്രങ്ങളാണ് പരിഗണിക്കുന്നത്?

a) തമിഴ്
b) മലയാളം
c) ഹിന്ദി
d) കന്നഡ

8. കയേദു സിനിമ എന്ന പ്രശസ്ത ചലച്ചിത്രജേണൽ ഏത് രാജ്യത്തുനിന്നാണ് പ്രസിദ്ധീകരിക്കുന്നത്?

a) ഇറ്റലി
b) യു. എസ്. എ
c) ജർമ്മനി
d) ഫ്രാൻസ്

9. IFFI യുടെ സ്ഥിരം വേദി ഏതു സംസ്ഥാനത്തിലാണ്?

a) മഹാരാഷ്ട്ര
b) കേരളം
c) കൊൽക്കത്ത
d) ഗോവ

10. ഇന്ത്യൻ സിനിമയിലെ ആദ്യ ഷോമാൻ എന്ന് വിളിച്ചിരുന്നത് ഇവയിലാരെയാണ്?

a) രാജ് കപൂർ
b) ദിലീപ് കുമാർ
c) രാജേഷ് ഖന്ന
d) ദേവ് ആനന്ദ്

11. ഇന്ത്യൻ പ്രസിഡന്റിന്റെ സ്വർണ്ണമെഡൽ നേടിയ ആദ്യ മലയാളചലച്ചിത്രം ഏത്?

a) നീലക്കുയിൽ
b) ചെമ്മീൻ
c) കുമ്മാട്ടി
d) നിർമ്മാല്യം

12. ഏറെ പ്രശസ്തമായ ഒരു 'ഷവർ' രംഗം, പ്രശസ്ത സംവിധായകൻ ആൽഫ്രഡ് ഹിച്ച്കോക്കിന്റെ ഏതു സിനിമയുടെ പ്രത്യേകതയാണ്?

a) റിയർ വിൻഡോ
b) ഡയൽ എം ഫോർ മർഡർ
c) സൈക്കോ
d) ദ ബേർഡ്സ്

13. മലയാളത്തിലെ നവതരംഗ സിനിമക്ക് തുടക്കമിട്ടതായി കണക്കാക്കുന്നത് ഇവയിലേതാണ്?
a) ഓളവു തീരവും
b) സ്വയംവരം
c) ചെമ്മീൻ
d) ഉത്തരായണം

14. കോളിവുഡ് എന്നറിയപ്പെടുന്ന സിനിമാലോകം ഏത് ഭാഷയിലെ ചലച്ചിത്ര വ്യവസായത്തെ ആണ് സൂചിപ്പിക്കുന്നത്?
a) മലയാളം
b) തമിഴ്
c) കന്നഡ
d) ഗുജറാത്തി

15. 2022-ലെ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയത് ഇവയിലേത്?
a) രേഖ
b) വിനോദ് ഖന്ന
c) രജനികാന്ത്
d) ആശാപരേഖ്

16. താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് ഗാനത്തിനാണ് 2023-ലെ ഓസ്കാറിൽ മികച്ച ഒറിജിനൽ ഗാനത്തിനുള്ള പുരസ്കാരം ലഭിച്ചത്?
a) നാച്ചോ നാച്ചോ
b) നാട്ടു നാട്ടു
c) ബാം ബാം
d) ഹലോ വേൾഡ്

17. മലയാളത്തിലെ ആദ്യ റിയലിസ്റ്റിക് സിനിമയായി കണക്കാക്കുന്നത് ഇവയിലേതാണ്?
a) വിഗതകുമാരൻ
b) ഉത്തരായണം
c) ന്യൂസ്പേപ്പർ ബോയ്
d) ഓളവും തീരവും

18. ലോകത്തിലെ ഏറ്റവും വലിയ സിനിമാ വ്യവസായം ഏത്?
a) ഹോളിവുഡ്
b) ഇന്ത്യൻ സിനിമ
c) ഹോങ്കോംഗ് സിനിമ
d) ബ്രിട്ടീഷ് സിനിമ

19. ഇവരിൽ ചലച്ചിത്ര പ്രവർത്തകരല്ലാത്ത സംസ്ഥാന മുഖ്യമന്ത്രി ആരാണ്?
a) എം.ജി. രാമചന്ദ്രൻ
b) എൻ.ടി. രാമറാവു
c) കരുണാനിധി
d) മമതാ ബാനർജി

20. 2023-ലെ 76-ാമത് കാൻ ചലച്ചിത്രോത്സവത്തിൽ മികച്ച ചലച്ചിത്രമായി തിരഞ്ഞെടുക്കപ്പെട്ട പാം ഡി ഓർ നേടിയ ചലച്ചിത്രം ഏത്?
a) മോൺസ്റ്റർ
b) അനാട്ടമി ഓഫ് എ ഫാൾ
c) പെർഫെക്ട് ഡെയ്സ്
d) ഫാളൻ ലീവ്സ്

21. ചലച്ചിത്ര വിമർശകരുടെ സംഘടനയായ FIPRESCI യുടെ ഇന്ത്യൻ ഘടകത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് ആര്?
a) മധു ഇറവങ്കര
b) വി.കെ. ജോസഫ്
c) ഡോ. സി.എസ്. വെങ്കിടേശ്വരൻ
d) ജി.പി. രാമചന്ദ്രൻ

22. 68-ാമത് ദേശീയ ചലച്ചിത്രപുരസ്കാരത്തിൽ തമിഴ് നടൻ സൂര്യയോടൊപ്പം മികച്ച നടനുള്ള പുരസ്കാരം പങ്കുവെച്ചതാര്?
a) നവാസുദ്ദീൻ സിദ്ദീഖി
b) അജയ് ദേവ്ഗൺ
c) സഞ്ചാരി വിജയ്
d) രാജ്കുമാർ റാവു

23 അഗ്രഹാരത്തിലെ കഴുതൈ എന്ന ചലച്ചിത്രം ഏത് പ്രശസ്ത സംവിധായകന്റെതാണ്?
a) കെ. ജി. ജോർജ്ജ്
b) കെ. എസ്. സേതുമാധവൻ
c) ജോൺ എബ്രഹാം
d) ഭാരതീരാജ

24. ഇന്ത്യയിലെ ഏറ്റവും വലിയ ഫിലിം സ്റ്റുഡിയോ ഏതാണ്?
a) ചിത്രാഞ്ജലി, തിരുവനന്തപുരം
b) റാമോജിറാവു, ഹൈദരാബാദ്
c) എം.ജി.ആർ ഫിലിം സ്റ്റുഡിയോ, മഹാബലിപുരം
d) എൻ.ഡി സ്റ്റുഡിയോസ്, കാർജത്ത്

25. 'ദ ലോർഡ് ഓഫ് ദ റിംഗ്സ്' - പരമ്പരയിലെ സിനിമകൾ ആരുടെ രചനകൾ ആസ്പദമാക്കിയാണ്?
a) സ്റ്റാൻലീ
b) ജെ.ആർ.ആർ ടോൾക്കീയൻ
c) ജെ.കെ. റൗളിംഗ്
d) ജോർജ്ജ് ലൂക്കാസ്

## II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക (5 x5= 25)

26. നിങ്ങൾ ഒരു നടനാണ് എന്ന് സങ്കൽപ്പിക്കുക എങ്കിൽ ഇപ്പോഴത്തെ മലയാളസിനിമയിലെ ഏതു തിരക്കഥാകൃത്തിന്റെ രചനയിലാവും പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുക? കാരണങ്ങൾ സഹിതം വിശദമാക്കുക.

27. സമീപകാലത്ത് പുറത്തിറങ്ങിയ ഒരു സിനിമയുടെ ലഘുനിരൂപണം തയ്യാറാക്കുക. നിങ്ങൾ ആ സിനിമയിൽ കണ്ട മികവുകളും കോട്ടങ്ങളും വ്യക്തമായി നിരൂപണത്തിൽ പരാമർശിക്കുക.

28.



ഈ ദൃശ്യത്തിന് പശ്ചാത്തലമായി നൽകാവുന്ന പത്ത് ശബ്ദങ്ങൾ (ഡയലോഗോ, സംഗീതമോ അല്ലാതെ) എന്തെല്ലാം എന്ന് കുറിക്കുക. ഈ ദൃശ്യത്തിന്റെ സംവേദനത്തിന് പ്രസ്തുത ശബ്ദങ്ങൾക്കുള്ള പ്രാധാന്യവും വിശദീകരിക്കുക.

29. 'സുരക്ഷിത ടൂറിസം' എന്ന ആശയത്തിന്റെ പ്രചരണത്തിനായി തയ്യാറാക്കുന്ന ഒരു ലഘുചിത്രത്തിന് (2.5 മിനിറ്റ് ദൈർഘ്യം) ഒരു കഥാതന്തു അവതരിപ്പിക്കുക.

30. നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട ചലച്ചിത്രങ്ങളിലൊന്നിന്റെ, നിങ്ങൾക്കത് പ്രിയപ്പെട്ടതാവാനുള്ള കാരണങ്ങൾ വിശദീകരിക്കുക. ഒപ്പം പ്രസ്തുത സിനിമക്കെതിരായി വന്ന വിമർശനങ്ങളെയും ക്രോഡീകരിക്കുക.

31. പ്രേക്ഷകരെ ചിരിപ്പിക്കാൻ മാത്രം ഉദ്ദേശിച്ചു തയ്യാർ ചെയ്യുന്ന സിനിമകളിലെ രംഗങ്ങളിലും സംഭാഷണങ്ങളിലും രാഷ്ട്രീയ ശരികൾ (Political Correctness) അന്വേഷിക്കേണ്ടതുണ്ടോ? കാരണങ്ങളും ഉദാഹരണങ്ങളും സഹിതം വ്യക്തമാക്കുക.

32. നിങ്ങൾക്ക് പ്രിയങ്കരനായ ഏതെങ്കിലും ഒരു സംവിധായകന്റെ ചലച്ചിത്രങ്ങളിൽ പൊതുവായി കാണുന്ന സവിശേഷതകൾ വിശദീകരിക്കുക.

33. ഒരു ചലച്ചിത്രത്തിന്റെ ഛായാഗ്രഹണം മികവുറ്റതാണ് എന്ന് വിലയിരുത്താൻ നിങ്ങളെ സഹായിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്? ഉദാഹരണങ്ങൾ സഹിതം വിശദീകരിക്കുക.

-- -- --